നാളികേര ടെക്നോളജിമിഷന്റെ പ്രവർത്തനം

330 [1261] *ശ്രീ. കെ. കെ. ജയചന്ദ്രൻ:*
,, കെ. വി. കുഞ്ഞിരാമൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര ടെക്നോളജിമിഷന്റെ പ്രവർത്തനം മൂലം സംസ്ഥാനത്തെ ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ മൊത്തം അടങ്കൽ തുക എത്രയാണ്;

(സി) ടെക്നോളജിമിഷൻ അംഗീകരിച്ച പദ്ധതികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ഡി) ഓരോ പദ്ധതിക്കും ഇതിനകം ചെലവഴിച്ച തുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(ഇ) തെങ്ങിന് ബാധിച്ചിട്ടുള്ള കാറ്റുവീഴ്ച രോഗം തടയുന്നതിനും രോഗം ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റുന്നതിനും പകരം വച്ചുപിടിപ്പിക്കുന്നതിനും ടെക്നോളജിമിഷൻ എത്രകോടി രൂപയുടെ പദ്ധതിക്കാണ് അനുമതി നൽകിയിട്ടുള്ളത്; ഈ പദ്ധതിയനുസരിച്ച് എന്തു തുക ഇതിനകം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ കാറ്റുവീഴ്ച രോഗം നിയന്ത്രിക്കുന്നതിനുള്ള പദ്ധതി.

2. കോഴിക്കോട് ജില്ലയിൽ കൂമ്പുചീയൽ രോഗം നിയന്ത്രിക്കുന്നതിനുള്ള പദ്ധതി.

(ബി) 1. കാറ്റുവീഴ്ച രോഗനിയന്ത്രണം —37.697 കോടി രൂപ.

2. കൂമ്പുചീയൽ രോഗനിയന്ത്രണം —0.0680250 കോടി രൂപ.

(സി) കാറ്റുവീഴ്ച രോഗനിയന്ത്രണത്തിനുള്ള പദ്ധതി 4 വർഷക്കാലയളവിലാണ് നടപ്പിലാക്കുന്നത്. 2002-2003 മുതൽ 2004-2005 വരെ തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ രോഗബാധിതമായ 454172 തെങ്ങുകൾ വെട്ടി നീക്കി 43,395 ഹെക്ടറിൽ സംയോജിത വളപ്രയോഗം നടത്തി. 194663 നല്ലയിനം തെങ്ങിൻ തൈകൾ നടീലിനായി വിതരണം ചെയ്തു. പദ്ധതിയുടെ ശേഷിക്കുന്ന ഭാഗം 2005-2006-ൽ പൂർത്തീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിൽ കൂമ്പുചീയൽ രോഗനിയന്ത്രണത്തിനായി 6.8025 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ഡി) കാറ്റുവീഴ്ച രോഗനിയന്ത്രണം

കേന്ദ്രവിഹിതം	—	659.3979 ലക്ഷം രൂപ
സംസ്ഥാനവിഹിതം	—	516.9690 ലക്ഷം രൂപ
ആകെ		1176.3669 ലക്ഷം രൂപ

കൂമ്പുചീയൽ രോഗനിയന്ത്രണത്തിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നതേയുള്ളൂ.

(ഇ) 37.697 കോടി രൂപ അടങ്കൽ തുകയായിട്ടുള്ള പദ്ധതിക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിനകം കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതം ചേർത്ത് 1176.3669 ലക്ഷം രൂപയും കർഷകരുടെ വിഹിതമായി 1518.825 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റാൻ ധനസഹായം

331 [1262] *ശ്രീ. ബിനോയ് വിശ്വം* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റുവീഴ്ചമൂലം ഉൽപാദനക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര തുക കർഷകർക്ക് നൽകിയെന്നും എത്ര തെങ്ങുകൾ വെട്ടിമാറ്റിയെന്നും പുതിയതായി എത്ര തെങ്ങിൻ തൈകൾ വച്ച് പിടിപ്പിച്ചുവെന്നും അറിയിക്കാമോ;

(ബി) കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ഓരോന്നിലും മേൽപ്പറഞ്ഞ കണക്കുകൾ എത്ര വീതമാണെന്ന് വേർതിരിച്ച് അറിയിക്കാമോ;

(സി) രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റിയശേഷം അപേക്ഷ സമർപ്പിച്ച കർഷകർക്ക് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അർഹരായ കർഷകർക്ക് ഈ തുക നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ നാളികേരത്തിന്റെ വികസനത്തിനായി വിവിധ പദ്ധതികളിലൂടെ 2237.37 ലക്ഷം രൂപ കർഷകർക്ക് നൽകി. 891935 തെങ്ങുകൾ വെട്ടിമാറ്റി. 194663 തെങ്ങിൻ തൈകൾ വച്ച് പിടിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly